# Desabhimani
# 27 July 2018
# Idukki, Cherutoni Dam, Heavy Rain

## മഴ തുടർന്നാൽ ചെറുതോണി ഷട്ടർ ഉടൻ തുറക്കും

**ഇടുക്കി**

കനത്തമഴ ഇതുപോലെ തുടർന്നാൽ ആറ് ദിവസത്തിനകം ഇടുക്കി പദ്ധതിയുടെ ഭാഗമായ ചെറുതോണി സംഭരണിയുടെ ഷട്ടർ തുറക്കും. അധികൃതർ ആദ്യ ജാഗ്രതാ നിർദേശം നൽകി. ഇടുക്കി പദ്ധതി കമീഷൻ ചെയ്തശേഷം മൺസൂൺ കനിഞ്ഞ് ജൂലൈയിൽ തന്നെ തുറക്കേണ്ടിവരുന്നത് ഇതാദ്യം.

വ്യാഴാഴ്ച 2390.18 അടിയായി സംഭരണശേഷിയുടെ 85.28 പിന്നിട്ടു. ഇനി നിറയാൻ 10 അടിയേ വേണ്ടൂ. മഴ 54 മി. മീറ്റർ രേഖപ്പെടുത്തി. കാലവർഷം തുടങ്ങി 56 ദിവസം പിന്നിട്ടപ്പോൾ 2232.6 മി. മീറ്റർ മഴയാണ് പെയ്തത്. ഇതും റെക്കോഡാണ്.